# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## കിഴുത്തള്ളി വെസ്റ്റ് എൽ പി സ്കൂൾ

പി ഒ താഴെ ചൊവ്വ

കണ്ണൂർ നോർത്ത് ഉപജില്ല

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കിഴുത്തള്ളി വെസ്റ്റ് എൽ. പി സ്കൂൾ |
| വിലാസം | : | പി. ഒ താഴെചൊവ്വ, കണ്ണൂർ പിൻ.670018 |
| ഫോൺ | : | 04972734434 |
| സ്കൂൾ കോഡ് | : | 13320 |
| വിദ്യാഭ്യാസ ഉപജില്ല | : | കണ്ണൂർ |
| BRC | : | കണ്ണൂർ നോർത്ത് |
| CRC | : | എളയാവൂർ |
| Local body | : | കണ്ണൂർ കോർപറേഷൻ,<br>എളയാവൂർ സോൺ |
| ഇ. മെയിൽ | : | kizhuthallywestlps@gmail.com |

## ആമുഖം

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ട് പോവുകയാണ് . കേരളത്തിലെ പൊതു സമൂഹം നമ്മുടെ പൊതു വിദ്യാലയങ്ങളിൽ വലിയ പ്രതീക്ഷയാണ് വെച്ച് പുലർത്തുന്നത്. ഈ ജനകീയ പങ്കാളിത്തവും ഒത്തൊരുമയും വർദ്ധിപ്പിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈ അദ്ധ്യയന വർഷം ഒരു ലക്ഷത്തിലധികം കുട്ടികൾ കൂടുതലായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്ന നമ്മുടെ ഉത്തരവാദിത്വം വർദ്ദിപ്പിക്കുന്നു.

നമ്മുടെ നാടിന്റെ ജനാധിപത്യവും മതനിരപേക്ഷതയും സഹിഷ്ണതയും കൂട്ടായ്മയുമൊക്കെ വളർന്നുവരുന്നത് നമ്മുടേതുപോലുള്ള പൊതുവിദ്യാലയങ്ങളിലാണ്. കുട്ടിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം , അവസരസമത്വം, തുല്യത എന്നിവ ഉറപ്പുവരുത്താൻ നമ്മുടെ വിദ്യാലയത്തിന് സാധിക്കണം. പരിസ്ഥിതിസംരക്ഷണശീലം സഹജീവി സ്നേഹം തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിനുള്ള പഠനാനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്

വിദ്യാലയവികസനത്തിന് സമൂഹത്തിലുള്ള പങ്ക് വളരെ വലുതാണ് സ്ക്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ കൂടി മെച്ചപ്പെടേണ്ടതുണ്ട് എങ്കിൽ മാത്രമെ അക്കാദമിക മികവ് കൈവരിക്കാൻ സാധിക്കു.

ആധുനികരീതിയിലുള്ള വിദ്യഭ്യാസത്തിലൂടെ കുട്ടികളുടെ 'സർവ്വതോൻമുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കി നമ്മുടെ വിദ്യാലയത്തെ 'മികവിന്റെ കേന്ദ്ര'മാക്കുക എന്ന ലക്ഷ്യമാണ് ഈ മാസ്റ്റർപ്ലാൻ മുന്നോട്ട് വെക്കുന്നത്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

1894 നവംബർ 1 ന് Grant in aid സമ്പ്രദായത്തിൽ ഗവൺമെന്റിൽ നിന്ന് അംഗീകാരവും ധനസഹായവും ലഭിച്ചുതുടങ്ങിയ നമ്മുടെ വിദ്യാലയം അതിനുമുമ്പ് ഗുരുകുല സമ്പ്രദായത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 134 വർഷത്തെ സുദീർഘമായ പാരമ്പര്യം ഈ സ്ക്കൂളിനുണ്ട്. ആദ്യകാലത്ത് നൂറിൽ പരം കുട്ടികളും ഏഴും എട്ടും അധ്യാപകരുണ്ടായിരുന്നു. ഈ വിദ്യാലയം വർഷങ്ങൾക്കുമുമ്പ് തന്നെ ആനാദായകരമായ പട്ടികയിൽ പെട്ടിരുന്നു.

## അവസ്ഥാ വിശകലനം

### നേട്ടങ്ങൾ

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വീടുകളിൽ നിന്നും വരുന്ന കുട്ടികളാണെങ്കിലും പഠനത്തിൽ ശരാശരിയിലും ഉയർന്ന നിലവാരത്തിൽ അവരെ എത്തിക്കാൻ സാധിക്കാറുണ്ട്. ചില കുട്ടികൾ ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ ഉയർന്ന നിലവാരം കാണിക്കുന്നുണ്ട്. ഭാഷാപരമായ ശേഷികളും നൈപുണികളും എല്ലാ കുട്ടികളിലും വളർത്തിയെടുക്കാൻ സാധിക്കാറുണ്ട് .എൽ. എസ്. എസ് പരീക്ഷ യൂറീക്കാ വിജ്ഞാനോൽസവം അക്ഷരമുറ്റം ക്വിസ്സ്, വിദ്യാഭ്യാസവകുപ്പ് നടത്തുന്ന വിവിധ ക്വിസ്സ് മൽസരങ്ങൾ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. കലാമേളകളിൽ മികച്ച പ്രകടനങ്ങൾ നമ്മുടെ സ്ക്കൂളിലെ കുട്ടികൾ നടത്തിയിട്ടുണ്ട്. അക്കാദമിക് മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച പൂർവ്വ വിദ്യാർത്ഥികൾ നമുക്കുണ്ട്.

കുട്ടികൾക്ക് പ്രയാസം അനുഭവപ്പെടുന്ന വിഷയങ്ങളിൽ പ്രത്യേകം പരിശീലനം നൽകാറുണ്ട്. പാഠപുസ്തകങ്ങൾക്ക് പുറമെ ചാർട്ടുകൾ വർക്ക് ഷീറ്റ് , മേപ്പുകൾ, മോഡലുകൾ, മറ്റ് പഠനോപകരണങ്ങൾ എന്നിവ ക്ലാസുകളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ പഠനനിലവാരം നിരന്തരം വിലയിരുത്താറുണ്ട്. സ്ക്കൂൾ ലൈബ്രറിക്ക് പുറമെ എല്ലാ ക്ലാസിലും ക്ലാസ്സ് ലൈബ്രറികൾ ഒരുക്കിയിട്ടുണ്ട്. അളവ് പാത്രങ്ങൾ , ത്രാസ്സുകൾ, തൂക്കക്കട്ടികൾ , മറ്റ് അളവ് തൂക്ക ഉപകരണങ്ങൾ , ശാസ്ത്ര ഉപകരണങ്ങൾ എന്നിവ സ്ക്കൂളിൽ ലഭ്യമാണ്. ദിനപത്രം , ശാസ്ത്രമാസികകൾ , ബാലമാസികൾ എന്നിവയും ലഭിക്കുന്നുണ്ട്.

2017 - 18 വർഷം എം. എൽ. എ ഫണ്ടിൽ നിന്ന് നമ്മുടെ സ്ക്കൂളിന് കമ്പ്യൂട്ടർ, Lcd Projector,Screen,, സൗണ്ട് സിസ്റ്റം എന്നിവ ഉൾപ്പെടുന്ന ഒരു സ്മാർട്ട് ക്ലാസ്സ്റൂം അനുവദിച്ചത് അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഐ. ടി അധിഷ്ഠിത പഠനം നടത്തിവരുന്നു. എസ്. എസ്. എ , പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവ നടത്തുന്ന വിവിധ പരിശീലന പരിപാടികൾ നമ്മുടെ സ്ക്കൂളിലെ അധ്യാപകർ പങ്കെടുക്കാറുണ്ട്. എല്ലാ ആഴ്ചയിലും SRG യോഗം ചേർന്ന് അക്കാദമിക കാര്യങ്ങൾ ചർച്ച ചെയ്യാറുണ്ട്.

സ്ക്കൂളിൽ വിദ്യാലയ വികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ഇവരുടെ സേവനം സ്ക്കൂളിന് ലഭിക്കാറുണ്ട്. എല്ലാ ക്ലാസിലും ഫാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ മൈക്സെറ്റ് , റേഡിയോ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയും ഉണ്ട്. സ്ഥലപരിമിതിയുണ്ടെങ്കിലും അടച്ചുറപ്പുള്ള ഒരു പാചകഷെഡ്ഡ് സ്ക്കൂളിനോടനുബന്ധിച്ച് നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ള സംവിധാനവും ശുചിത്വപൂർണ്ണമായ അന്തരീക്ഷവും സ്ക്കൂളിനുണ്ട്.

പരിമിതികൾ

വർഷം തോറും സ്ക്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത് ക്ലാസുകളിൽ കുട്ടികളുടെ എണ്ണക്കുറവ് സംഘപ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമാകുന്നു. സമസംഘപഠനവും നടക്കാത്ത അവസ്ഥയുണ്ട്. പഠനയാത്രകൾ , ക്ലബ്ബ് പ്രവർത്തനങ്ങൾ , ക്ലബ്ബ് ബുൾ ബുൾ യൂണിറ്റ് , ക്യാമ്പുകൾ തുടങ്ങിയവയും നടത്താൻ പ്രയാസമുണ്ട്, കളിസ്ഥലത്തിന്റെ അഭാവവും നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളായതിനാൽ കുട്ടികൾക്ക് വീടുകളിൽ നിന്ന് പഠന കാര്യങ്ങളിൽ വേണ്ടത്ര പിന്തുണ കിട്ടുന്നില്ല. വിവിധ മൽസര പരീക്ഷകളിലും കലാമൽസരങ്ങളിലും കുട്ടികളുടെ മികവ് വർദ്ദിക്കേണ്ടതുണ്ട്. . ആകർഷകമായ ശിശുസൗഹൃദ ഇരിപ്പിടങ്ങളും ക്രമീകരിക്കേണ്ടതുണ്ട്.

കാഴ്ച്ചപ്പാട്

സ്ക്കൂളിന്റെ ഇന്നത്തെ സാഹചര്യത്തിൽ നിന്നും ഭൗതികമായ അവസ്ഥമെച്ചപ്പെടുത്തുക. അതുവഴി കുട്ടികളെ ആകർഷിക്കുകയും കുട്ടികളുടെ എണ്ണത്തിൽ വർദ്ദനവുണ്ടാക്കുക, അതാത് ക്ലാസിൽ കുട്ടികൾ നേടിയെടുക്കേണ്ട പഠനനേട്ടങ്ങളും മൂല്യങ്ങളും പരമാവധി കുട്ടികൾ നേടിയെടുത്തു എന്ന് ഉറപ്പുവരുത്തുക. തുടങ്ങിയ കാഴ്ച്ചപ്പാടോടുകൂടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

നമ്മുടെ വിദ്യാലയത്തെ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസത്തിന്റെ പുതിയ സാങ്കേതിക വിദ്കൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം നിലനിൽക്കുന്ന സ്ക്കൂളാക്കിമാറ്റണം

അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാകുന്ന വിദ്യാലയമാകണം.

**പൊതുലക്ഷ്യങ്ങൾ**

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

2. കരിക്കുലം ലഭ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതാത് ക്ലാസുകളിലെ എല്ലാ കുട്ടികളും ആർജിക്കുക.

3. സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

4. അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

5. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.

6. കുട്ടികളിൽ ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

7. മതേതരജനാധിപത്യബോധം വളർത്തുക

8. കുട്ടികളിൽ സാമൂഹികപാരിസ്ഥിതിക അവബോധം വളർത്തുക.

9. ശാസ്ത്രചിന്ത, യുക്തിബോധം , ശാസ്ത്രനൈപുണി എന്നിവ വളർത്തുക.

10. പഠനത്തിൽ ഐ. ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക.

11. ആരോഗ്യ കായിക, പ്രവൃത്തി പരിചയ മേഖലയിൽ കഴിവ് വികസിപ്പിക്കൽ

## ഉപമേഖല :- മലയാളം

| മ മ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു.<br>2. ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>3. ചിത്ര സഹായത്തിൽ ചിഹ്നങ്ങൾ, അടയാളങ്ങൾ എന്നിവ ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡിലൂടെ വാക്കുകളും വാക്യങ്ങളും രൂപീകരിക്കൽ.<br>5. ചിത്രം നൽകി അടിക്കുറിപ്പ് പറയിക്കൽ, എഴുതിക്കൽ<br>6. ഒരു കഥയുടെ കുറച്ചു ഭാഗം നൽകി ബാക്കി പറയിക്കുന്നു, എഴുതിക്കുന്നു.<br>7. കഥാപുസ്തകങ്ങൾ വായിച്ച് വായനാകുറിപ്പ് തയ്യാറാക്കൽ<br>8. ചിത്ങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിച്ച് അവയെകുറിച്ച് പറയൽ, എഴുതൽ | 2 മാസം | പുസ്തകങ്ങൾ<br>ചാർട്ടുകൾ<br>ചിത്രങ്ങൾ<br>സി.ഡി. | BRC<br>PTA<br>SRG | 2000 |
| | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് ലൈബ്രറി വിപുലീകരിക്കൽ<br>2. വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, പത്രവാർത്ത ക്വിസ്സ് , അസംബ്ലിയിൽ പത്രവായന, ചർച്ചകൾ, ക്ലാസ്സ് പത്രം തയ്യാറാക്കൽ, | 6 മാസം | പുസ്തകങ്ങൾ പത്രങ്ങൾ മാസികകൾ | SSA<br>PTA | 5000 |

| | | | | |
|---|---|---|---|---|
| | 3.അമ്മവായന പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ ലൈബ്രറി പുസ്തകവിതരണം, വായനകുറിപ്പ് തയ്യാറാക്കൽ, മത്സരം ശിൽപ ശാലകൾ,<br>4.വായനാകാർഡുകൾ തയ്യാറാക്കി പരസ്പരം കൈമാറൽ<br>5. ബാലസഭയിൽ സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കൽ<br>6. വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി എഴുത്തും വായനയും പ്രോത്സാഹിപ്പിക്കൽ<br>7. ഇ- വായന പ്രോത്സാഹിപ്പിക്കൽ<br>8.ഭിന്നനിലവാരക്കാർക്ക് പ്രത്യേക പരിശീലനങ്ങൾ | | കമ്പ്യൂട്ടർ ഇന്റർനെറ്റ് ടാബ് ലെറ്റ് | PTA<br>SSG |
| മികച്ച<br>ാ | <u>I, II, ക്ലാസ്സുകൾക്ക്</u><br>1. ചിത്രവായനയിലൂടെ പദങ്ങളും ലഘുവാക്യങ്ങളും എഴുതിക്കൽ<br>2.കഥാചിത്രങ്ങളിലെ ആശയം ലഘുവാക്യങ്ങളിൽ എഴുതൽ<br>3.ഇഷ്ടമുള്ള കാര്യങ്ങളെക്കുറിച്ച് സ്വതന്ത്ര രചന നടത്തൽ | 1 വർഷം | പുസ്തകങ്ങൾ | PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സ |
| --- | --- | --- | --- | --- | --- |
| | <u>III, IV, ക്ലാസ്സുകൾക്ക്</u><br>1. കഥാപൂരണം, കവിതാപൂരണം<br>2. വായനാകുറിപ്പ്,ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ.<br>3. ഡയറിയെഴുത്ത്<br>4. സംഭാഷണം, വർണ്ണന, വിവരണം എന്നിവ തയ്യാറാക്കൽ<br>5. കത്തെഴുത്ത്, പോസ്റ്റർ രചന<br>6. ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>7. രചനാശിൽപശാലകൾ, പതിപ്പ് നിർമാണം<br>8. എഴുത്തുകൂട്ടം രൂപീകരിക്കൽ<br>9. സ്വന്തം രചനകൾ സമൂഹത്തിൽനു മുമ്പിൽ അവതരിപ്പിക്കൽ<br>10. യാത്രാഅനുഭവങ്ങൾ എഴുതൽ | 1 വർഷം | എഴുത്ത് ഉപകരണങ്ങൾ | BRC<br>PTA | 10 |
| ...ക്ഷിതാക്കളെ ...യനാശീല ...ള്ളവരാക്കുക | 1. രക്ഷിതാക്കൾക്ക് സ്കൂളിൽ നിന്ന് പുസ്തകമെടുക്കാനും വായിക്കാനും അവസരം നൽകൽ<br>2. സാഹിത്യ രചനാക്യാമ്പുകൾ<br>3. വിവിധ മത്സരങ്ങൾ<br>അനുയോജ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ അവസരം നൽകൽ | 1 വർഷം | | PTA<br>SSA | 1 |

ഉപമേഖല :- ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | [illegible] |
|---|---|---|---|---|---|
| 1.എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും, വായിക്കാനും, സംസാരിക്കാനുമുള്ളശേഷി വികസിപ്പിക്കൽ | **III, IV, ക്ലാസ്സുകൾക്ക്**<br>1. Picture cards, story charts തുടങ്ങിയവ ഉപയോഗിച്ച് പദങ്ങൾ, വാക്യങ്ങൾ എന്നിവ പറയിക്കൽ<br>2.Word Sun, Word ladder തുടങ്ങിയ language game കൾ<br>**III, IV ക്ലാസ്സുകൾക്ക്**<br>1.പ്രീടെസ്റ്റ് നടത്തിപഠനനിലവാരം വിശകലനം ചെയ്യൽ<br>2.അനുയോജ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കൽ<br>3.Thoughts Conversation, Description Rhyme, Story മുതലായവ എഴുതൽ<br>4. Role play, ഇംഗ്ലീഷ് ബാലസഭ;<br>ഇംഗ്ലീഷ് തീയറ്റർ ഒരുക്കൽ | 1 വർഷം<br><br>2 മാസം<br><br>1 വർഷം | ചാർട്ട്<br>കാർഡ്<br>ബോർഡ്<br><br>തീയേറ്റർ | SRG | 50 |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കൽ | 1.Piture Cards ഉപയോഗിച്ച് പരിചിതമായ പദങ്ങൾ പറയിക്കൽ<br>2.ചുറ്റുമുള്ള വസ്തുക്കളുടെ പേര് ഇംഗ്ലീഷിൽ പറയിക്കൽ<br>**III, IV ക്ലാസ്സുകൾക്ക്**<br>1. Words , sentences എന്നിവ എഴുതിയ കാർഡ് വായിപ്പിക്കൽ<br>2. ലഘുവായ വാക്യങ്ങൾ ഉപയോഗിച്ച് സംഭാഷണം നടത്തൽ. | 1 വർഷം | | PTA | 500 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 3 | ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | **<u>III, IV, ക്ലാസ്സുകൾക്ക്</u>**<br>1. Picture Reading നടത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.<br>2. പരിചിത പദങ്ങൾ തെറ്റ് കൂടാതെ എഴുതൽ<br>3. Word Sun തയ്യാറാക്കൽ<br>4. Conversation എഴുതി അവതരിപ്പിക്കൽ<br>5. വരികൾ കൂട്ടിച്ചേർത്ത് Rhyme പൂർത്തിയാക്കൽ<br>6. ഇംഗ്ലീഷ് കഥകൾ വായിക്കാൻ, ചിത്ര സൂചനകളിൽ നിന്ന് കഥയുണ്ടാക്കൽ<br>7. വിവരണം, വർണ്ണന എന്നിവ സ്വന്തമായി തയ്യാറാക്കൽ<br>8. പോസ്റ്റർ, നോട്ടീസ്, കത്ത് തുടങ്ങിയവ തയ്യാറാക്കൽ | 1 വർഷം | Books<br>തിയേറ്റർ | SRG<br>PTA | 500 |
| 4 | ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കൽ, വായനാശീലം വളർത്തൽ | 1. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ<br>2. ഇംഗ്ലീഷ് തിയേറ്റർ<br>3. ഇംഗ്ലീഷ് പത്രവായന<br>4. പതിപ്പുകൾ, മാഗസിനുകൾ തുടങ്ങിയവ തയ്യാറാക്കൽ<br>5. രചനാശില്പശാല, ഇംഗ്ലീഷ് ബാലസഭ<br>6. English day. ആചരണം<br>7. Spoken English ക്ലാസ്സുകൾ<br>8. English Quiz<br>9. English Library. | 1 വർഷം | Books<br>Magazines | BRC<br>PTA | 2000 |

## പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തി വിശകലന |
|---|---|---|---|---|---|---|
| 1. | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | 1. ക്ലാസ്സ് മുറിയിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ തുടങ്ങിയവ ചെയ്യൽ,<br>2.പ്രശ്നപരിഹരണത്തിന് സ്വതന്ത്രമായി ചെയ്യുന്ന പ്രവർത്തനങ്ങൾ- പ്രൊജക്ടുകൾ, സർവ്വെകൾ<br>3.ദത്തങ്ങൾ ശേഖരിക്കൽ, വിശകലനം ചെയ്യൽ, നിഗമനത്തിലെത്താൽ<br>4.പ്രശ്നപരിഹരണത്തിന് വ്യത്യസ്തമാർഗങ്ങൾ നിർദ്ദേശിക്കൽ | 1 വർഷം | ശാസ്ത്ര ലാബ് ശാസ്ത്ര ഉപകരണങ്ങൾ | BRC<br>PTA | 500 |
| 2. | പാരിസ്ഥിതിക അവബോധം വളർത്തുക. | 1. ഫീൽഡ് ട്രിപ്പ്, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കൽ<br>2.പ്രദേശത്തെ പാരിസ്ഥിതികൾ പ്രശ്നങ്ങൾ കണ്ടെത്തൽ- ഇടപെടൽ<br>3. ജലസ്രോതസുകളും അവസംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ചർച്ച ചെയ്യൽ.<br>4.ഗൃഹ സർവ്വെ നടത്തി മലിനീകരണ പ്രശ്നം കണ്ടെത്തി പരിഹാരം നിർദ്ദേശിക്കൽ<br>5.സ്കൂൾ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധ സസ്യത്തോട്ടം എന്നിവ നിർമ്മിക്കുക.<br>6.മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ | 1 വർഷം | | PTA<br>MPTA<br>SSG | 10,000 |

| ..ൾ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി, അന്വേഷണാത്മകത-ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു. | 1.ലഘു പരീക്ഷണങ്ങൾ ചെയ്യൽ<br>2.എല്ലാക്ലാസ്സിലും ശ്സ്ത്രമാസികകൾ ലഭ്യമാക്കൽ<br>3.സ്കൂളിൽ ശാസ്ത്രലാബ്, ക്ലാസ്സുകളിൽ സയൻസ് കോർണർ എന്നിവ ഒരുക്കൽ.<br>4.ശാസ്ത്രമ്യൂസിയങ്ങൾ സന്ദർശിക്കൽ. ശാസ്ത്രജ്ഞൻമാർ/കണ്ടുപിടുത്തങ്ങൾ എന്നിവ അറിയൽ.<br>5.ശാസ്ത്ര ക്ലാസ്സുകൾ സംഘടിപ്പിക്കൽ | 1 വർഷം<br>2 വർഷം | ശാസ്ത്ര ഉപകരണങ്ങൾ | BRC<br>SSA<br>PTA<br>PTA | 1,00,000 |
| | ശാസ്ത്ര പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | 1.കമ്പ്യൂട്ടർ, ഇന്റർനെറ്റ് പഠനം എല്ലാകുട്ടികൾക്കും ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ<br>2.CD Slide Show എന്നിവ ഫലപ്രദമായി ഉപയോഗിക്കൽ<br>3.CD ലൈബ്രറി ഒരുക്കൽ<br>4. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള പരിശീലനം.<br>5. വിവിധ പാഠഭാഗങ്ങളിലെ ICT സാധ്യതകൾ കണ്ടെത്തൽ | 2 വർഷം | കമ്പ്യൂട്ടർ<br>ഇന്റർനെറ്റ് കണക്ഷൻ<br>CD<br>പ്രൊജക്ടർ | MLA<br>BRC | |

## ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | സംഖ്യാബോധം ഉറപ്പിക്കൽ | 1.പ്രീ ടെസ്റ്റ് നടത്തി പ്രയാസമനുഭവിക്കുന്നവരെ കണ്ടെത്തൽ<br>2.സംഖ്യാകാർഡുകൾ മറ്റ് ഗണിത രൂപങ്ങൾ എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു.<br>3.അബാക്കസ്സ് ഉപയോഗിച്ച് വിവിധസംഖ്യകൾ നിർമ്മിക്കൽ. നിർമ്മിച്ച സംഖ്യകൾ ഏതെന്ന് പറയൽ.<br>4.സംഖ്യാഗാനങ്ങൾ, അക്കച്ചിത്രങ്ങൾ, കുസൃതിക്കണക്കുകൾ എന്നിവയിലൂടെ ഗണിത പഠനം രസകരമാക്കുന്നു.<br>5.ക്ലാസ്സ് തലത്തിൽ ഗണിത ക്വിസ്സ് സംഘടിപ്പിക്കൽ<br>6.വിവിധങ്ങളായ ഗണിത കേളികളിൽ ഏർപ്പെടൽ<br>-വലിയ സംഖ്യയ്ക്ക് വട്ടമിടുക<br>-ചെറിയ സംഖ്യയ്ക്ക് ചെയ്യുക<br>- മുന്നിലാര്, പിന്നിലാര്<br>(III, II ക്ലാസ്സുകൾക്ക്) | 2 മാസം<br><br>1വർഷം | ചാർട്ടുകൾ<br><br>അബാക്കസ്സ് | SRG<br>PTA<br><br>PTA | 5,000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 2. | ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യുമ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കൽ. | **<u>I, II ക്ലാസ്സുകൾക്ക്</u>**<br>**I.** ഗണിതകളികളിൽ ഏർപ്പെടൽ<br>-ഏണിയും പാമ്പും കളി<br>-ഡൈസുകളി<br>-ഒളിച്ചിരിക്കുന്നതാര്?<br>-വഴികണ്ടുപിടിക്കാമോ?<br>-സംഖ്യാപടികൾ കയറാം<br>-സംഖ്യാമല പൂർത്തിയാക്കാം<br>സംഖ്യപാറ്റേൺപൂർത്തിയാക്കാം<br>-വിവിധ ക്രിയകളുടെ ഉത്തരം വരുന്ന കാർഡുകൾ കണ്ടെത്തൽ. | 6 മാസം | | SRG<br>PTA | 1000 |
| | | **<u>III, IV ക്ലാസ്സുകൾക്ക്</u>**<br>1. പ്രീടെസ്റ്റ്<br>2.മഞ്ചാടിക്കുരു, തീപ്പെട്ടിക്കമ്പുകൾ, കല്ലുകൾ തുടങ്ങിയവ ഉപയോഗിച്ച് വസ്തുതകൾ ഉറപ്പിക്കൽ<br>3.അബാക്കസ് ഉപയോഗിച്ച് വിവിധ ക്രിയകൾ ചെയ്യുന്നു.<br>4.സംഖ്യാകാർഡുകൾ, ചാർട്ടുകൾ തുടങ്ങിയ വഴി ലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കൽ .<br>5. പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗണിത ക്രിയകൾ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യൽ. | 6 മാസം | | SRG | 1000 |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രശ്ന നിർദ്ധാരണ ചോദ്യങ്ങൾക്ക് സ്വതന്ത്രമായി ഉത്തരം കണ്ടെത്തുന്നു. | **<u>I, II ക്ലാസ്സുകൾക്ക്</u>**<br>1.ലഘുവായ പ്രശ്ന നിർദ്ധാരണ ചോദ്യങ്ങൾ തയ്യാറാക്കി നിർദ്ധാരണം ചെയ്യിക്കൽ<br>2.മനക്കണക്ക് പറയിക്കൽ<br>3.ആകെ കണ്ടെത്തി പട്ടിക പൂർത്തിയാക്കൽ<br>4.വ്യത്യാസം കണ്ടെത്തൽ. | 1 വർഷം | | SRG<br>PTA | 1000 |
| | **<u>III, IV ക്ലാസ്സുകൾക്ക്</u>**<br>1. മുൻക്ലാസ്സുകളിലെ പാഠഭാഗങ്ങളിലെ ലഘു ചോദ്യങ്ങൾ ഉപയോഗിച്ച് പ്രീ ടെസ്റ്റ് നടത്തുന്നു.<br>2.ചോദ്യങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും ചോദിച്ച് മനസ്സിലാക്കുന്നു.<br>4.ഗണിത സംബന്ധമായവായനാകാർഡുകൾ നിർമ്മിക്കുന്നു.<br>5.കളിനോട്ടുകൾ ഉപയോഗിച്ച് ക്ലാസിൽ കച്ചവടം നടത്തുന്നു. വിവിധ വസ്തുക്കളുടെ വിലകൾ വ്യക്തിഗതമായി കണ്ടെത്തുന്നു.<br>5.പ്രശ്ന നിർദ്ധാരണ ചോദ്യങ്ങൾ സ്വന്തമായി നിർമ്മിക്കുന്നു. പരസ്പരം കൈമാറി ഉത്തരം കാണുന്നു. | 6 മാസം | | SRG<br>PTA | 500 |

| ...മ ...മ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | ഗണിത രൂപങ്ങൾ തിരിച്ചറിയൽ, നിർമ്മിക്കൽ, പ്രത്യേകതകൾ പറയൽ. | **<u>I, II ക്ലാസ്സുകൾക്ക്</u>**<br>1.ക്ലാസ്സ് മുറിയിൽ കാണുന്ന വിവിധ ഗണിത രൂപങ്ങൾ തിരിച്ചറിയുന്നു.<br>2.കടലാസ്, കാർഡ് ബോർഡ് തുടങ്ങിയവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. പ്രദർശിപ്പിക്കുന്നു.<br>3.ജ്യാമിതീയ രൂപങ്ങളിലുള്ള വസ്തുക്കൾ ശേഖരിക്കുന്നു.<br>4.ശിൽപശാല സംഘടിപ്പിക്കുന്നു.<br>5.ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കുന്നു.<br>6.സ്കൂൾ ചുമരിൽ ഗണിത രൂപങ്ങൾ വരക്കൽ. | 1വർഷം | ജ്യാമിതീയ രൂപങ്ങൾ<br><br>പെയിന്റ് ചെയ്ത ചുമർ | BRC<br>SRG<br>PTA | 1000<br><br>5,000 |
| | അളവ് തൂക്കങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കൽ | **<u>I, II ക്ലാസ്സുകൾക്ക്</u>**<br>1.നീളം, ഭാരം, ഉള്ളളവ് എന്നിവ തിരിച്ചറിയാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ,<br>- നീളം കൂടിയത് വട്ടത്തിലാക്കൂ.<br>-ഏത് പാത്രത്തിൽ കൂടുതൽ നിറയ്ക്കാം<br>-ഭാരം ഉയർത്താമോ?<br>-ഉയരം കൂടിയതാര്? | 2 മാസം | | SRG | |

| [ക്രമ ന]മ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | [സാമ്പത്തിക വിശകലനം] |
|---|---|---|---|---|---|---|
| | | **<u>I, II ക്ലാസ്സുകൾക്ക്</u>**<br>1. കളിത്രാസ്സ്, അളവ് പാത്രങ്ങൾ, മറ്റ് അളവ് തൂക്ക ഉപകരണങ്ങൾ, എന്നിവ നിർമ്മിക്കൽ<br>2. അളവ് തൂക്ക ഉപകരണങ്ങളുടെ പ്രദർശനം<br>3. വെള്ളം, മറ്റ് വസ്തുക്കൾ എന്നിവ അളവ് പാത്രങ്ങൾ, ത്രാസ് തുടങ്ങിയവ ഉപയോഗിച്ച് അളക്കൽ.<br>4. കിലോഗ്രാം, ഗ്രാം തുടങ്ങിയ തൂക്കക്കട്ടികൾ ഉപയോഗിച്ച് വസ്തുക്കൾ തൂക്കുന്നു.<br>5. ലിറ്റർ, മില്ലിലിറ്റർ എന്നിവ തമ്മിലുള്ള ബന്ധം/ വ്യത്യാസം തിരിച്ചറിയുന്നു.<br>6. മെട്രിക് മേള സംഘടിപ്പിക്കുന്നു. | 2 വർഷം | ത്രാസ്<br>തൂക്കക്കട്ടികൾ<br>അളവ് പാത്രങ്ങൾ മീറ്റർ സ്കെയിൽ<br>സ്പ്രിംഗ്ത്രാസ് | BRC<br>SRG | 2,000 |
| | സമയം, കാലം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആശയങ്ങൾ മനസ്സിലാക്കൽ. | **<u>I, II ക്ലാസ്സുകൾക്ക്</u>**<br>1. സമയവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ<br>-സ്കൂൾ പ്രവർത്തന സമയം (രാവിലെ, ഉച്ച, വൈകുന്നേരം)<br>-വീട്ടിലെ പ്രവർത്തന സമയം<br>-കലണ്ടർ നോക്കി ദിവസങ്ങളുടെ പേര് കണ്ടെത്തൽ, ഇന്നത്തെ തിയ്യതി കണ്ടെത്തൽ | 2 മാസം | SRG | | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | | <u>III, IV ക്ലാസ്സുകൾക്ക്</u><br>1.ക്ലോക്കുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സെക്കന്റ്, മിനുട്ട്, മണിക്കൂർ, പരിചയപ്പെടൽ.<br>2.ക്ലാസ്സിൽ ക്ലോക്ക് നിർമ്മിക്കൽ<br>3.മണിക്കൂറിന്റെ മിനുട്ട് ആയും തിരിച്ചും പറയൽ<br>4.രണ്ട് വ്യത്യസ്ത സമയങ്ങൾ ക്കിടയിലുള്ള സമയ ദൈർഘ്യം കണ്ടെത്തൽ<br>5.കലണ്ടറിൽ ദിവസം, മാസം, വിവിധ വർഷങ്ങൾ (കൊല്ലവർഷം, ഇംഗ്ലീഷ് വർഷം, ഹിജ്റ വർഷം ) കണ്ടെത്തൽ<br>6.കലണ്ടർ നിർമ്മാണം. | 2 മാസം | ക്ലോക്ക് കലണ്ടർ | SRG | 500 |

<u>കലാവിദ്യാഭ്യാസം</u>

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | കുട്ടികളുടെ കലാ നൈപുണികൾ വളർത്തൽ<br>കലാപരമായി മികവ് പുലർത്തുന്ന കുട്ടികളെ പൂർണ്ണതയിലെത്തിക്കൽ | 1.പാഠപുസ്തകം, ബാലമാസികകൾ തുടങ്ങിയവയിലെ ഗാനങ്ങൾ ഈണത്തിൽ പാടൽ.<br>2.കുട്ടിക്കവിതകൾ സ്വന്തമായി എഴുതൽ.<br>3.ബാലസഭയിൽ സ്വന്തം സൃഷ്ടികൾ (കഥ, കവിത, വിവരണം, ചിത്രം, ) അവതരിപ്പിക്കൽ.<br>4.രചനാക്യാമ്പുകൾ, സാഹിത്യശിൽപശാലകൾ എന്നിവ സംഘടിപ്പിക്കൽ<br>5.കലാമേളകളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിശീലനം.<br>6.സർഗ്ഗോത്സവം സംഘടിപ്പിക്കൽ<br>7.സ്കൂൾ വാർഷികാഘോഷം<br>8.വീഡിയോ പ്രദർശനം<br>9.ആൽബം നിർമ്മാണം<br>10.പാഠ സന്ദർഭങ്ങളുടെ നാടകീകരണം കൊറിയോഗ്രാഫി.<br>11. സന്നദ്ധസംഘടനകളുടെ സഹകരണത്തോടെയുള്ള കലാപഠനം<br>12.നൃത്തം, സംഗീതം, ഉപകരണസംഗീതം, ഇവയുടെ പരിശീലനം, | | CD<br>സംഗീത ഉപകരണങ്ങൾ | PTA<br>SSG | 25,000 |

<u>കായികം - പ്രവൃത്തി പരിചയം</u>

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | കുട്ടികളുടെ ക്ഷമത വർദ്ധിപ്പിക്കൽ | 1.മാസ്സ്ഡ്രില്ലിൽ പരിശീലനം.<br>2.മൈതാന സൗകര്യം ലഭ്യമാക്കൽ<br>3.കളിയുപകരണങ്ങൾ വാങ്ങൽ<br>4.കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ<br>5.സൈക്കിൾ പഠനം.<br>6.പാൽ, മുട്ട തുടങ്ങിയ പോഷകാഹാരങ്ങൾ ലഭ്യമാക്കൽ<br>7. പ്രഭാത ഭക്ഷണം നൽകൽ. | 2 വർഷം | മൈതാനം<br>സൈക്കിൾ | BRC<br>PTA | 5,000 |
| 2. | ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കൽ | 1. ഗ്രൂപ്പുകളായി തിരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തൽ<br>2.ആരോഗ്യശീലങ്ങളുടെ നോട്ടീസ് തയ്യാറാക്കൽ, പോസ്റ്റർ പ്രവർത്തനം<br>3.ശുചിത്വ സർവ്വെ<br>4.ഡ്രൈഡേ ആചരിക്കൽ<br>5.മാലിന്യസംസ്കാരണ പ്രവർത്തനങ്ങൾ | 1 വർഷം | | SRG | 500 |
| 3. | കുട്ടികളുടെ നിർമ്മാണപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് | 1.ഒറിഗാമിക്ലാസ്സ്<br>2.കുരുത്തോലക്കളരി<br>3.കളിമൺ രൂപങ്ങൾ നിർമ്മിക്കൽ<br>4.പാവനിർമ്മാണം, മുഖം മൂടി നിർമ്മാണം.<br>5.ക്ലോക്ക്, ഗണിത രൂപങ്ങൾ - നിർമ്മിക്കൽ<br>6.മാല, കമ്മൽ, പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം തുടങ്ങിയവ | 1 വർഷം | | BRC | 1000 |

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | സാമൂഹികം |
|---|---|
| -ഭാഷാശേഷിവികസനം | -PTA ശാക്തീകരണം |
| -ഇംഗ്ലീഷ് പഠനം വികസനം | - CPTA ഫലപ്രദമാക്കൽ |
| -ഗണിതശേഷി വികസനം | -അമ്മമാർക്കുള്ള ലൈബ്രറി |
| -ശാസ്ത്ര പരിപോഷണ പരിപാടി | -IT പഠനം |
| -വായനാപരിപോഷണം | -പൂർവ വിദ്യാർത്ഥി സംഗമം. |
| -ലൈബ്രറി ശാക്തീകരണം | -സ്കൂൾ വാർഷികാഘോഷം |
| -സാഹിത്യപോഷണപരിപാടികൾ | -സെമിനാറുകൾ |
| -പഠനയാത്രകൾ | -ദിനാചരണങ്ങൾ |
| -കലാകായികപരിശീലനം | -ക്ലബ്ബ് പ്രവർത്തനങ്ങൾ |
| -പ്രവൃത്തിപരിചയ പഠനം | -ഉച്ചഭക്ഷണ പരിപാടി പോഷക സമൃദ്ധമാക്കൽ |
| -അധ്യാപക ശാക്തീകരണ പരിപാടികൾ | -പഠന ക്യാമ്പുകൾ |
| -SRG മെച്ചപ്പെടുത്തൽ | |
| -ഒന്നാം ക്ലാസ്സ് ഒന്നാം തരം | |
| -അഭിമുഖങ്ങൾ | |
| -മെഡിക്കൽ ക്യാമ്പ് | |
| -ഒറിഗാമി ശിൽപശാല | |
| -ഗണിത മൂല | |
| -മെട്രിക് മേള | |
| -പാവനാടകം /നിർമ്മാണം | |
| -ദിനാചരണങ്ങൾ | |
| -ശിൽപശാലകൾ | |
| -പഠന ശാക്തീകരണം | |
| -കാര്യക്ഷമമായ മൂല്യനിർണ്ണയം | |
| -പ്രഭാതഭക്ഷണ പരിപാടി | |
| -രാഷ്ട്രഭാഷാ പഠനം | |